കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെള്ളറട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2623/18

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 28.03.2019

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

വെള്ളറട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളറട ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2623/18 തീയതി: 28.03.2019

## തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.09.2017 മുതൽ 21.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിൻ ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ. എസ്.ജെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018മുതൽ 30.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സിന്ധുലാബീവി,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ. അനിൽകുമാർ ആർ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ആശ ജി.ആർ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി. ജയലക്ഷ്മി.ബി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. ഷിംജി.ജി,<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി. ശോഭാകുമാരി

01.04.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ.രമേഷ്. ജി.

01.04.2017 മുതൽ 07.06.2017 വരെ

ശ്രീ. പെരുമാൾപിള്ള

08.06.2017 മുതൽ 19.01.2018 വരെ

ശ്രീ.ബി.കെ.കൃഷ്ണകുമാർ

20.01.2018 മുതൽ 31.03.2018 വര

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി. ബീന.റ്റി.എസ്. | 01.04.2017 മുതൽ 15.06.2017 വരെ |
| | ശ്രീ.സുരേഷ്ബാബു | 16.06.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. സൗമ്യ.ആർ.എസ്. | 01.04.2017 മുതൽ 31.10.2017 വരെ |
| | ശ്രീമതി. ഷീലാകുമാരി | 01.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാഖി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുജ.എസ്.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രീത | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിമി എസ്. ആൻസലാം | 01.04.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം.- ഗവ. യു.പി.എസ്. വെള്ളറട | ശ്രീ. സാം ഡേവിഡ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പ്രസന്നകുമാരി | 01.04.2017 മുതൽ 22.08.2017വരെ |
| | ശ്രീമതി. പാർവ്വതി കൃഷ്ണൻ | 23.08.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (സർക്കിൾ A) | ശ്രീ. വിനിജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (സർക്കിൾ B) | | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (സർക്കിൾ C) | ശ്രീ.മഹേഷ് | 01.04.2017 മുതൽ 14.11.2017 വരെ |
| | ശ്രീ.ഷിബു വിൽസൺ | 15.11.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി രമ്യ.ആർ.എസ്. | 01.04.2017 മുതൽ 14.06.2017 വരെ |
| | ശ്രീ.ബൈജു | 15.06.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ശ്രീകുമാർ | 01.04.2017 മുതൽ 06.12.2017 വരെ |
| | ശ്രീമതി സുസ്മിത.കെ.എസ് | 07.12.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | ബജറ്റ് രൂപീകരണം | 2-1 | |
| 14 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-2 | |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-3 | |
| 16 | ഡി ആന്റ് ഒ ലൈസൻസ് – ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നില്ല | 2-4 | |
| 17 | തൊഴിൽ നികുതി – രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 2-5 | |
| 18 | വരുമാന പത്രികയിലെ അപാകതകൾ – തൊഴിൽ നികുതി നഷ്ടമാകുന്നു. | 2-6 | |
| 19 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-7 | |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-8 | |
| 21 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-9 | |
| 22 | കരാറുകാരനിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-10 | |
| 23 | കാട്ടുകുളം-മത്സ്യകൃഷി-ലേലതുക ഈടാക്കിയിട്ടില്ല | 2-11 | |
| 24 | പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷകളിൽ ഉൾപ്പെടുത്തുന്നില്ല | 2-12 | |
| 25 | ഇ-ടെണ്ടർ തുക തിരികെ ലഭിച്ചിട്ടില്ല | 2-13 | |
| 26 | കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട്-കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. 4,350/-രൂപയുടെ നഷ്ടം | 2-14 | |

| | | | |
|---|---|---|---|
| | ഭാഗം-3 | | |
| 27 | പ്രോജക്ടുകളുടെ യഥാർത്ഥ ചെലവും ചെലവു പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 3-1 | |
| 28 | ഇ.എം.എസ്. ഭവന വായ്പാ പദ്ധതി -ബാദ്ധ്യതാരഹിത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-2 | |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുക സംബന്ധിച്ച അപാകതകൾ | 3-3 | |
| 30 | പഞ്ചായത്ത് ഓഫീസിൽ യു.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ-ചെലവു രേഖകൾ ഹാജരാക്കിയില്ല 1,82,438/-രൂപ തടസ്സപ്പെടുത്തുന്നു. | 3-4 | |
| 31 | സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 3-5 | |
| 32 | ഡി.പി.സി. അംഗീകാരം ലഭ്യമാകാത്ത പ്രോജക്ടിനായി തുക ചെലവഴിച്ചു. പ്രോജക്ട് ഉപേക്ഷിച്ചു – ചെലവു പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല | 3-6 | |
| 33 | തൊഴിലുറപ്പ് പദ്ധതി – ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-7 | |
| 34 | ആസ്തി രജിസ്റ്റർ കാലികമല്ല | 3-8 | |
| 35 | ചെയ്യാത്ത ഇനത്തിനു നല്കിയ തുക – അനുവദനീയമായ 7004/-രൂപ നിരാകരിക്കുന്നു. | 3-9 | |
| 36 | നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗരേഖ നിർദ്ദേശം പാലിക്കുന്നില്ല | 3-10 | |
| 37 | പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ വിതരണം – രേഖകൾ ഹാജരാക്കിയില്ല – 50,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-11 | |
| 38 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-12 | |
| 39 | അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 3-13 | |
| 40 | അങ്കണവാടികളിൽ പോഷകാഹാരം - ഗുണനിലവാരം ഉറപ്പുവരുത്തണം | 3-14 | |

| | | | |
|---|---|---|---|
| 41 | ജാഗ്രതാസമിതി – പ്രവർത്തനം കാര്യക്ഷമമല്ല | 3-15 | |
| 42 | രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-16 | |
| 43 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല – 29,79,805/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-17 | |
| | ഭാഗം - 4 | | |
| 44 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 47 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 49 | ഓഡിറ്റ് റിക്കവറി | 4-6 | |
| 50 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 51 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 09.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 49,45,46,631/-രൂപ വരവും 46,45,38,400/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 15,07,89,086/- രൂപയും ചെലവ് 12,53,54,333/-രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) ബജറ്റിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം കുറച്ച് യാഥാർത്ഥ്യവുമായി യോജിച്ച പോകുന്ന ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2018 | 31.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | റിപ്പോർട്ട് നമ്പർ |
|---|---|---|
| 2017-18 | 22.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1470/2018 തീയതി 04.09.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,82,44,499/- |
| വരവ് | 11,25,44,587/- |
| ആകെ | 15,07,89,086/- |
| ചെലവ് | 12,53,54,333/- |
| നീക്കിയിരിപ്പ് | 2,54,34,753/- |

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 27721069 | 27721069 | 27721069 | 0 |
| 2 | വികസനഫണ്ട് (എസ്.സി.പി.) | 0 | 2834740 | 2834740 | 2834740 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി.) | 0 | 490972 | 490972 | 490972 | 0 |
| 4 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15253770 | 15253770 | 15253770 | 0 |
| 5 | പെർഫോമൻസ് ഗ്രാന്റ് | 0 | 6347443 | 6347443 | 6347443 | 0 |
| 6 | സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 5683761 | 5683761 | 5683761 | 0 |
| 7 | സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 17502185 | 17502185 | 17502185 | 0 |
| 8 | എം.ജി.എൻ.ആർ. ഇ.ജി.എസ്. | 780614 | 1940258 | 2720872 | 2296146 | 424726 * |
| 10 | ബി ഫണ്ട് | 0 | 823920 | 823920 | 823920 | 0 |

*വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 2,77,550/-

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 7 | 1814960 | 7 | 1653432 | 1 | 0 | 91.00% |
| 2 | വെറ്ററിനറി സർജൻ | 16 | 14935000 | 6 | 3558500 | 3 | 0 | 23.82% |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 2 | 1125000 | 2 | 1125000 | 0 | 0 | 100.00% |
| 4 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 900000 | 2 | 900000 | 0 | 0 | 100.00% |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8016579 | 9 | 4863439 | 3 | 2 | 61.00% |
| 6 | വി.ഇ.ഒ | 16 | 14829000 | 3 | 6830000 | 10 | 3 | 46.00% |
| 7 | സെക്രട്ടറി | 36 | 23200543 | 24 | 13971245 | 2 | 12 | 60.00% |
| 8 | അസി.സെക്രട്ടറി | 17 | 91355250 | 11 | 2435732 | 5 | 6 | 24% |
| 9 | അസി.എഞ്ചിനിയർ | 227 | 69379193 | 149 | 43041969 | 0 | 78 | 62.00% |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 2811776 | 2 | 2077500 | 1 | 1 | 74.00% |
| 11 | ഹെഡ്മിസ്ട്രസ്സ് .ജി.എൽ.പി.എസ്. | 6 | 1562750 | 5 | 1419120 | 0 | 1 | 91.00% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 780614 | 1940258 | 2720872 | 2296146 | 424726 * |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 149360476 | 149360476 | 149360476 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 780614 | 151300734 | 152081348 | 151656622 | 424726 |

*എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് കണക്കിലെടുക്കുമ്പോൾ നീക്കിയിരിപ്പ് 2,77,550/-രൂപ ആണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 373920 | 700 |
| കർഷക തൊഴിലാളി പെൻഷൻ | 17195900 | 6 |
| വിധവാപെൻഷൻ | 25103000 | 114 |
| വാർദ്ധക്യകാല പെൻഷൻ | 40609100 | 375 |
| വികലാംഗ പെൻഷൻ | 8536400 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 450000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 642400 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2018 3.30 pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,832/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്. പണം സ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചുനല്കിയിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും, സബ് വൗച്ചറുകളും സൂക്ഷിക്കുന്നുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്.

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്(.സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാമാസവും കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം പരിപാലിച്ചിട്ടില്ല |

| | | |
|---|---|---|
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.<br>മോണിറ്ററിംഗ് നടത്തിയിട്ടില്ല. |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ പിറ്റേ ദിവസം സെക്ഷനുകൾക്ക് നൽകാറുണ്ട്<br>മോണിറ്ററിംഗ് നടത്താറില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടില്ല. |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013 /തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി. 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ഭേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം.01/.12.11.2018) മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2018 | - | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 10.09.2018 വരെ | 2013-14 മുതൽ 2017-18 വരെ | 22.10.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.ബി7 ഷെഡ്യൂളിലെ തുകയും(Contractors EMD, Suppliers EMD, Bidders EMD, Contractors Security Deposit, Suppliers Security Deposit, Bidders Security Deposit, Auction deposit) ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ച് ഓരോന്നിന്റെയും സംക്ഷിപ്തംഎഴുതി സൂക്ഷിക്കുന്നില്ല.

2) ജീവനക്കാരുടെ തൊഴിൽ നികുതി വരുമാനം വാർഷിക ധനകാര്യ പത്രിക പ്രകാരം 17,11,260/- രൂപയാണ്. എന്നാൽ ഡിമാന്റ് (I-1) 17,46,460/- രൂപയാണ്. തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

3) ഉണഭോക്തൃവിഹിതമിനത്തിലെ, മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് (16-17 എ.എഫ്.എസ്. | എ.എഫ്.എസ്. പ്രകാരം ലഭിച്ച തുക (17-18Rp | എ.എഫ്.എസ്. പ്രകാരം തിരികെ | എ.എഫ്.എസ്. പ്രകാരം നീക്കിയിരിപ്പ് | നീക്കിയിരിപ്പായി യഥാർത്ഥത്തിൽ വരേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബി4) | 31) | നൽകിയത് (RP 311) | (17-18 AFS B-4) | | |
| 215720 | 383447 | 0 | 213957 | 599167 | 385210 |

4) തൊഴിൽ നികുതി (സ്ഥാപനങ്ങൾ), ഡി ആന്റ് ഒ എന്നീയിനിങ്ങളിൽ കുടിശ്ശികയായി തുക പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നില്ല. എന്നാൽ AFS 17-18 പ്രകാരം ഈയിനത്തിൽ തുക ലഭിച്ചിട്ടുണ്ട്.

| ഇനം | കുടിശ്ശിക (16-17 AFS ) | RP 43(17-18 AFS) |
|---|---|---|
| Prof tax Inst | 0 | 21730 |
| D & O | 0 | 4700 |

5) കുടിശ്ശികയിനത്തിൽ താഴെപറയുന്ന ഇനങ്ങളിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള രേഖപ്പെടുത്തലിൽ അപാകതയുണ്ട്.

| ഇനം അരിയർ | ഡിമാന്റ് (16-17 , B15) | കളക്ഷൻ (17-18 AFS RP43 ) | ബാലൻസ് (17-18 AFS B 15 ) | യഥാർത്ഥത്തിൽ വരേണ്ടത് ബി 15 ൽ |
|---|---|---|---|---|
| വസ്തുനികുതി (Res) | 1407616 | 1349629 | 1722857 | 57987 |
| വസ്തുനികുതി (Non Res) | 4513985 | 1585059 | 1767581 | 2928926 |
| കെട്ടിട വാടക | 15469 | 475293 | 34526 | - |

6) ബി18 ഷെഡ്യൂളിൽ imprest (200/- ) രൂപ ഉൾപ്പെടുത്തിയിട്ടില്ല.

7) RP 36 scheduleലെ അഡ്വാൻസായി ലഭിച്ച Profession Tax -Inst/Traders/ Professionalsഎന്നയിനത്തിലെ തുക (2500/-)- B-9 scheduleലെ തുകയുമായി (1250/-) പൊരുത്തപ്പെടുന്നില്ല.

8) നിക്ഷേപ പ്രവൃത്തികൾക്കായി സെക്രട്ടറിയുടെ വിവിധ പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് എ.എഫ്.എസ് പ്രകാരം നൽകിയിരിക്കുന്ന മുൻകൂർ തുക ചെലവ്പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.(ഖണ്ഡിക 3-3 കാണുക)

9)എൻ.ആർ.ഇ ജി.എസ് അക്കൗണ്ടിലെ ചെലവ് എ.എഫ്.എസ് പ്രകാരം 22,96,146/- ആണ്. എന്നാൽ 24,43,322/- ആണ് വരേണ്ടത്.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം

(എ)നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (ഓഡിറ്റ് അന്വേഷണം നം.2ന് നൽകിയ മറുപടി) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 28.01.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 08.02.17 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ക്രോഡീകരണത്തിനായി കമ്മിറ്റികൾ യോഗംചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 03.03.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 05.06.17 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 06.03.17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | ഇല്ല |

| | | | |
|---|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 09.03.2017 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടില്ല. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാനിർണയം കൃത്യമായി നിർണയിച്ചാണോ കരട് ബജറ്റ് തയാറാക്കിയതെന്ന് വിലയിരുത്താൻ കഴിഞ്ഞില്ല. (കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ(ആയുർവേദം) എന്നിവർ മാത്രമാണ് കരട് പ്രപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്).

(ബി)<u>ബജറ്റിൽ വകയിരുത്തിയതിൽ അധികം തുക ചെലവു ചെയ്തു</u>

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക RP പ്രകാരം | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| 2101002 | കൂലി | 15,00,000/- | 15,13,340/- | 13,340/- |
| 2102002 | മറ്റ് ബത്തകൾ | 1,00,000/- | 2,12,771/- | 1,12,771/- |
| 2105001 | ജീവനക്കാരുടെ പി.എഫ് വിഹിതം | 0 | 24,414/- | 24,414/- |
| 2201001 | വാടക | 2,000/- | 10,775/- | 8,775/- |
| 2201002 | മറ്റിനങ്ങൾ | 0 | 4,385/- | 4,385/- |
| 2206001 | പരസ്യവും പ്രചരണവും | 50,000/- | 51,320/- | 1,320/- |
| 2208001 | മറ്റ് ഭരണചെലവുകൾ | 6,08,000/- | 6,53,822/- | 45,822/- |
| 2301002 | ഡീസൽ, പെട്രോൾ, ഓയിൽ | 1,50,000/- | 1,56,109/- | 6,109/- |
| 2305006 | സംരക്ഷണവും അറ്റകുറ്റപ്പണികളും- ജലസേചനം | 0 | 14,880/- | 14,880/- |

| | | | | |
|---|---|---|---|---|
| 2305007 | സംരക്ഷണവും അറ്റകുറ്റപ്പണികളും- വൈദ്യുതി | 50,000/- | 86,890/- | 36,890/- |
| 2305009 | സംരക്ഷണവും അറ്റകുറ്റപ്പണികളും- ജംഗമആസ്തികൾ | 1,00,000/- | 1,76,796/- | 76,796/- |
| 2308001 | മറ്റ് മെയിന്റൻസ് ചെലവുകൾ | 3,65,000/- | 5,55,583/- | 1,90,583/- |
| 2531012 | ഐ.കെ.എംന് പണം നൽകൽ | 1,00,000/- | 1,61,305/- | 61,305/- |
| 2531014 | കുടിവെള്ളത്തിന്പണം നൽകൽ | 0 | 77,391/- | 77,391/- |
| 2561001 | മറ്റ് റവന്യൂഗ്രാന്റുകളും ഫണ്ടുകളും | 0 | 15,000/- | 15,000/- |
| 2407001 | ബാങ്ക് ചാർജ് | 500/- | 1,036/- | 536/- |
| 3305001 | ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 0 | 46,51,200/- | 46,51,200/- |
| 3402001 | റവന്യൂ നിക്ഷേപങ്ങൾ | 1,70,000/- | 4,82,700/- | 3,12,700/- |
| ആകെ | | | | 51,18,132/- |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടം 72പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി കണക്കാക്കാൻ പാടില്ല. എന്നാൽ വെള്ളറട ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമാണ് പുതുക്കിയ ബജറ്റ് തയാറാക്കി ഭരണസമിതി അംഗീകാരം നേടിയിരിക്കുന്നത് (09.03.18 ലെ I-ാം നമ്പർ തീരുമാനം). ആയതു ചട്ട വിരുദ്ധമാണ്.

ബജറ്റും ചെലവുകളുടെ നിയന്ത്രണവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

2017-18 വർഷത്തിൽ അധികമായി ചെലവഴിച്ചതുകകൾ സപ്ലിമെന്ററി ബജറ്റ് തയാറാക്കി സാധൂകരിച്ചിട്ടുണ്ട്. ആയത് 15.03.18 ലെVI(1) -ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടിനൽകിയിട്ടുള്ളത്. (എൻക്വയറി നം 23/29.11.18). എന്നാൽ സപ്ലിമെന്ററി ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 2-2 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

200ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 30/- രൂപ നിരക്കിലും 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 70/- രൂപനിരക്കിലും അടിസ്ഥാനവസ്തുനികുതി നിർണ്ണയിക്കാനാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ഇത് പ്രകാരം 227.01 ച.മീ. തറ വിസ്തീർണ്ണമുള്ള 14/807 എന്ന കെട്ടിടത്തിന് 70/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ മേൽ കെട്ടിടത്തിനെ '200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 30/- രൂപ നിരക്കിലാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ്/കെട്ടിട നമ്പർ - 14/807

ഉടമസ്ഥന്റെ പേര് - ജയപ്രകാശ്, ജെ.പി.ബിൽഡിംഗ്, കൊല്ലകുടിയേറ്റം, പനച്ചമൂട് -695505

ഉപയോഗക്രമം - ഷോപ്പിംഗ് കോംപ്ലക്സ്

തറവിസ്തീർണ്ണം - 227.01 ച.മീ (താഴത്തെനില)

<u>നികുതി കണക്കാക്കിയത്</u>

ഗ്രാമപഞ്ചായത്ത് 30/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി -6,810/-

വർദ്ധനവ് (20% )- 1,362/-

ആകെ വസ്തുനികുതി = 8,173/-

<u>നികുതി കണക്കാക്കേണ്ടിയിരുന്നത്</u>

ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ട വസ്തുനികുതി നിരക്ക് - 70/-രൂപ

അടിസ്ഥാന വസ്തുനികുതി - 227.01 X 70 = 15,890/- രൂപ

വർദ്ധനവ് (20% )- 3,178/-

ആകെ വസ്തുനികുതി = 19,069/-

വസ്തുനികുതി കണക്കാക്കിയതിൽ കുറവ് - 19069 - 8173 =10,896/-രൂപ

കെട്ടിടത്തിനെ വാണിജ്യാവശ്യത്തിനുള്ളവ '200 ച.മീറ്ററിനുമുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്താതെ തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കണക്കാക്കുകവഴി പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. തുടർനടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി (നം.28)ക്ക് അപാകത പരിഹരിച്ച് നികുതി റീഅസ്സെസ്സ് ചെയ്ത് ഈടാക്കാമെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഈടാക്കിയതിൽ കുറവുവന്ന നികുതി ഈടാക്കി വിവരം

ലഭ്യമാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 മൊബൈൽ ടവറുകളാണുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഇവയിൽ 10 എണ്ണത്തിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിടം നം | മൊബൈൽ ടവർ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 4/461 | വോഡഫോൺ ടവർ | 83,160/- | 2013ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 2 | 8/740 | ബി.എസ്.എൻ.എൽ | 25,200/- | 2013ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 3 | 9/841/A | വോഡഫോൺ ടവർ | 63,000/- | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 4 | 10/340 | ഭാരതി ടവേഴ്സ് | 41,580/- | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 5 | 11/340/A | ബി.എസ്.എൻ.എൽ | 45,360/- | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 6 | 15/702/A | ബി.എസ്.എൻ.എൽ | 45,360/- | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 7 | 15/802 | വോഡഫോൺ ടവർ | 75,600/- | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 8 | 15/831/A | ഇൻഡസ് ടവർ | 1,36,080/- | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 9 | 15/832 | ഇൻഡസ് ടവർ | 3,780/- | 2018 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 10 | 17/515 | ബി.എസ്.എൻ.എൽ | 51,408/- | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |

കുടിശ്ശിക വസ്തുനികുതി സമയബന്ധിതമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 2-4 ഡി ആന്റ് ഒ ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിന്റെ അധികാരപരിധിയിലുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനത്തിലുള്ള ഡിമാന്റ് തുക, ഈടാക്കാനുള്ള കുടിശ്ശിക തുക, ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വിവരം എന്നിവ

ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. നിലവിൽ ഡി.ആന്റ് ഒ. ലൈസൻസിന് അപേക്ഷിക്കുന്നവരെമാത്രം ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റാണ് സൂക്ഷിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ നിരവധി സ്ഥാപനങ്ങൾക്ക് 2017-18-ൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38-ന് ലഭ്യമാക്കിയ മറുപടിയിൽ 2017-18-ൽ ഈ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ലൈസൻസ് പുതുക്കി നൽകാത്തതായി ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. മനീഷ് ക്യാഷ്യൂ

2. ഡി & ഡി പ്രിന്റ് കൺസെപ്റ്റ്

3. ആൻസി ഹോട്ടൽ

4. അനന്തപുരി ഹോട്ടൽ

5. ജിനു ഫർണിച്ചർ മാർട്ട്

6. തടിമിൽ(ബിജു)

7. നിനി മെഡിക്കൽ സ്റ്റോർ

8. സ്വീറ്റ് സ്പോട്ട് ബേക്കറി

9.തൃശ്ശൂർ ഫാഷൻ ജ്വവലറി

10.തേവർമഠം ആയുർവേദിക് റിസർച്ച് സെന്റർ

11.അൽ-അമീൻ ട്രേഡിംഗ് കമ്പനി

12.ദേവൂ ഫ്യൂവൽസ്

13.ജൻ ഔഷധി മെഡിക്കൽ സ്റ്റോർ

14 ജെ.എൻ.തമ്പി സോഫ്റ്റ് വുഡ്

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും ഈ ഇനത്തിലുള്ള വരുമാനചോർച്ച ഒഴിവാക്കേണ്ടതുമാണ്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ 25 ശതമാനം അധികഫീസ് ചുമത്തേണ്ടതാണ്. ലൈസൻസ് പുതുക്കാൻ വൈകുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുന്നത് സംബന്ധിച്ച സർക്കാർ ചട്ടം പുതുക്കുന്ന മുറയ്ക്ക് പിഴ തുക ഈടാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി- രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

(1) അസ്സസ്സ്മെൻറ് രജിസ്റ്റർ- നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്സ്മെൻറ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്തീരാജ് (നികുതിചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം. എന്നാൽ വെള്ളറട ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(2) ഡിമാന്റ് രജിസ്റ്റർ-തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ തൊഴിൽനികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിമാന്റ് രജിസ്റ്റർ, തൊഴിൽനികുതി ഈടാക്കിയ സ്ഥാപനങ്ങൾ, വ്യക്തികൾ മാത്രം ഉൾപ്പെട്ടതാണ്.

(3) കുടിശിക ഡിമാന്റ് രജിസ്റ്റർ-മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതികുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കണം. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലാഹരണപ്പെടുകയും ചെയ്യും.

രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-6 വരുമാന പത്രികയിലെ അപാകതകൾ - തൊഴിൽ നികുതി നഷ്ടമാകുന്നു

(എ) ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത ഒഴികെയുള്ള എല്ലാ മാർഗങ്ങളിലും കൂടെയുള്ള ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ ഓഫീസ് മേധാവികൾ സമർപ്പിക്കുന്ന വരുമാനപത്രിക അപൂർണമാണ്. പല പത്രികളിലും അടിസ്ഥാന ശമ്പളം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ബോണസ്-ഉത്സവബത്ത ചില പത്രികകളിൽ മാത്രം കാണുന്നു. ജീവനക്കാർക്ക് ലീവ് സറണ്ടർ ഇനത്തിൽ ലഭിക്കുന്ന വരുമാനം പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാ. ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റ് FLO-1003

(ബി) വരുമാനപത്രികയിലെ വരുമാനം മാസത്തെയാണോ/അർദ്ധവാർഷികമാണോയെന്ന് വ്യക്തമല്ല.

ഉദാ.1.ഡോ.സുധീർ സിത്താര, ഡോ.ഫാത്തിമ തസ്നി, സി.എച്ച്.സി. വെള്ളറട ശമ്പളം-39,000/-

ഉദാ.2. ബീവറേജസ് ഔട്ട് ലെറ്റിലെ ജീവനക്കാരായ രാജേഷ്.എം.എൽ,സജികുമാർ.ആർ. ശമ്പളം- 81,800/-, 20,450/-

ആയതിനാൽ തൊഴിൽനികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. വരുമാന പത്രികയിൽ പരിഷ്കരണം ആവശ്യമുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് എൻക്വയറിക്ക് മേലിൽ അപാകത ഒഴിവാക്കി വരുമാന പത്രിക സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-7 തൊഴിൽനികുതി ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയില്ല.

| സ്ഥാപനം | 1-ാം അർദ്ധവർഷം | II-ാം അർദ്ധവർഷം |
|---|---|---|
| വൈറ്റ് മെമ്മോറിയൽ ഹോസ്പിറ്റൽ | - | ഈടാക്കിയിട്ടില്ല |
| പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് | - | ഈടാക്കിയിട്ടില്ല |
| എസ്.യൂ.ഫണ്ട് വെള്ളറട | - | ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| കരിയ്ക്കാമൻകോട് എസ്.സി.ബി വെള്ളറട ബ്രാഞ്ച് | - | ഈടാക്കിയിട്ടില്ല |
| ശ്രീ ശങ്കരവിദ്യാലയം | - | ഈടാക്കിയിട്ടില്ല |
| പോലീസ് സ്റ്റേഷൻ വെള്ളറട | - | ഈടാക്കിയിട്ടില്ല |
| മുത്തൂറ്റ് മിനി ഫിനാൻസ് പനച്ചമൂട് | - | ഈടാക്കിയിട്ടില്ല |
| പി.ആർ.എസ്.കോളേജ് ഓഫ് എഞ്ചിനീയറിംഗ് | - | ഈടാക്കിയിട്ടില്ല |
| എ.ഇ.MGNREGS | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| സാം മോട്ടോഴ്സ്, പൊന്നമ്പി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| SDA സ്കൂൾ, പൊന്നമ്പി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| മാന്നൂർ എസ്.സി.കോ.ഓപ്പ.സൊസൈറ്റി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| ആദം ഫിനാൻസ് കിളിയൂർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| ആദം ഫിനാൻസ് അഞ്ചുമരങ്കാല | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| ആദം ഫിനാൻസ്, വെള്ളറട | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| ആദം ഫിനാൻസ്, പനച്ചമൂട് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| പാലയ്ക്കൽ ഫിനാൻസ് ആനപ്പാറ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| പാലയ്ക്കൽ ഫിനാൻസ്, വെള്ളറട | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| വൃന്ദാവൻ ഫിനാൻസ്, വെള്ളറട | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| കേശവ ഫിനാൻസ്, വെള്ളറട | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| അനന്തപുരി, ഫിനാൻസ്, വെള്ളറട | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| മുത്തൂറ്റ് മെർക്കൻറയിൽ ലിമിറ്റഡ്, പനച്ചമൂട് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| EU.യു.പി.എസ്.കുതാളി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| അഗ്രികൾച്ചറൽ ക്രഡിറ്റ് സൊസൈറ്റി ആറാട്ടുകുഴി | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള MGNREGS അസി. എഞ്ചിനീയറിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-8 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഇനിയും ഈടാക്കുവാനുള്ള സ്ഥാപന തൊഴിൽ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | നിരഞ്ജൻ ഭാരത് ഗ്യാസ് | 1250 | 1250 |
| 2 | കന്യാ കല്യാണമണ്ഡപം | 1250 | 1250 |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് പനച്ചമൂട് | 1250 | 1250 |
| 4 | സാം മോട്ടോഴ്സ്,പൊന്നമ്പി | 1250 | 1250 |
| 5 | ജെ.എം.ഹാൾ,വെള്ളറട | 1250 | 1250 |
| 6 | ആദംഫിനാൻസ് കിളിയൂർ | 1250 | 1250 |
| 7 | ആദംഫിനാൻസ്, അഞ്ചുമരങ്കാല | 1250 | 1250 |
| 8 | ആദംഫിനാൻസ്, വെള്ളറട | 1250 | 1250 |
| 9 | ആദംഫിനാൻസ്, പനച്ചമൂട് | 1250 | 1250 |
| 10 | മാന്നൂർ എസ്.സി, കോ.ഓപ്പ.സൊസൈറ്റി, പൊന്നമ്പി | 1250 | 1250 |
| 11 | വൃന്ദാവൻ ഫിനാൻസ്, വെള്ളറട | 1250 | 1250 |
| 12 | കേശവ ഫിനാൻസ്, വെള്ളറട | 1250 | - |
| 13 | വെള്ളറട പഞ്ചായത്ത് പ്രൈമറി അഗ്രികൾച്ചറൽ ക്രഡിറ്റ് കോ.ഓപ്പ.സൊസൈറ്റി,ആറാട്ടുകുഴി | 1250 | 1250 |
| 14 | അനന്തപുരി | 1250 | 1250 |

| | | | |
|---|---|---|---|
| | ഹൗസിംഗ്കോ.ഓപ്പ.സൊസൈറ്റി, | | |
| 15 | പാലയ്ക്കൽ ഫിനാൻസ് ആനപ്പാറ | 1250 | 1250 |
| 16 | പാലയ്ക്കൽ ഫിനാൻസ്, വെള്ളറട | - | 1250 |
| 17 | കെ.പി.വൈ.എം.ഹാൾ | 1250 | 1250 |
| 18 | സാഫല്യം ആഡിറ്റോറിയം കുടയാൽ | 1250 | 1250 |
| 19 | ആൻസി ഹാൾ വെള്ളറട | 1250 | 1250 |
| 20 | പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക്, ആറാട്ടുക്കുഴി | 1250 | 1250 |
| 21 | മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ് | 1250 | 1250 |
| 22 | പ്രൈമറി അഗ്രികൾച്ചറൽ ക്രഡിറ്റ് സൊസൈറ്റി ആറാട്ടുക്കുഴി | 1250 | 1250 |
| 23 | മധുര മൈക്രോഫിനാൻസ് ലിമിറ്റഡ് | - | 1250 |
| 24 | കരിയ്ക്കാമൻകോട് എസ്.സി.ബി. വെള്ളറട ബ്രാഞ്ച് | - | 1250 |
| 25 | മുത്തൂറ്റ് മിനി ഫിനാൻസ് പനച്ചമൂട് | 1250 | 1250 |
| 26 | കൊശമറ്റം ഫിനാൻസ് വെള്ളറട | - | 1250 |
| 27 | ഹീറോ ഹോണ്ട സർവീസ് സ്റ്റേഷൻ | 1250 | 1250 |
| 28 | ദേവൂ പെട്രോൾ പമ്പ് ആനപ്പാറ | 1250 | 1250 |
| 29 | പി.എസ്.ഫ്യൂവൽസ്.വെള്ളറട | 1250 | 1250 |
| 30 | ചൂണ്ടിക്കൽ പെട്രോൾ പമ്പ്,വെള്ളറട. | 1250 | 1250 |

കൂടാതെ പഞ്ചായത്ത് പ്രദേശത്തെ റേഷൻ കടകളിൽ നിന്നും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.15-ന് ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകളുടെ വിവരം ശേഖരിച്ച് സ്ഥാപനനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്

| ജീവനക്കാരൻ/സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | തൊഴിൽ നികുതി I&II (അർദ്ധവർഷം) ഈടാക്കേണ്ടത് | ഈടാക്കിയത് I&II (അർദ്ധ വർഷം) | ലഭിക്കാനുള്ളത് I&II (അർദ്ധ വർഷം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| രാജേഷ്, കരിയ്ക്കാമൻ കോട്, എസ്.സി.ബി | 128286 | 1250/ 1250 | 1000/ 750 | 250/ 500 |
| ഗീത.എസ്.ജി കരിയ്ക്കാമൻ കോട്, എസ്.സി.ബി | 125094 | 1250/ 1250 | 1000/ 750 | 250/500 |
| ജിഷി, കരിയ്ക്കാമൻകോട്, എസ്.സി.ബി | 125094 | 1250/ 1250 | 0/ 750 | 1250/500 |
| ഷീജ.ബി, കരിയ്ക്കാമൻ കോട്, എസ്.സി.ബി. | 121890 | 1000/ 1000 | 1000/ 750 | 0/250 |
| സന്തോഷ്കുമാർ, കരിയ്ക്കാമൻ കോട്, എസ്.സി.ബി. | 121890 | 1000/ 1000 | 1000/ 750 | 0/250 |
| പ്രദ്വിമോഹൻ, കരിയ്ക്കാമൻ കോട്, എസ്.സി.ബി. | 110214 | 1000/ 1000 | 750/ 750 | 250/250 |
| വൈശാഖ്, ടെക്നിക്കൽ അസിസ്റ്റന്റ്, പഞ്ചായത്ത് ഓഫീസ് | 126000 | 1250/ 1250 | 1000/ 1250 | 250/0 |
| ആകെ | | | | 4,500/- |

കുടിശ്ശിക തുകയായ 4,500/-രൂപ അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 <u>കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല.</u>

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷം ചുവടെപ്പറയുന്ന കരാറുകാർ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ക്രിസ്തുദാസ്.ആർ,ക്ലീൻ ഭവൻ, മണത്തോട്ടം.
2. സതീഷ് രാജ്.ഇ, കെ.എസ്.ഭവൻ, മണലി
3. യേശുദാസ്, കൃപാഭവൻ, അരുവിയോട്, കുന്നത്തുകാൽ.
4. ബോബൻ.ആർ.എസ്.കുരിശുമുട്ടം ഹൗസ്,പഞ്ചാകുഴി
5. കോമളൻ,പ്റണവം,മുണ്ടനാട്
6. റ്റി.കെ.രവീന്ദ്രൻ, ഗോർബി നിവാസ്, കല്ലിങ്ങൽവിള, കോട്ടയ്ക്കൽ.
7. ബൈജു.എസ്. ഉരുളോട്, മേക്കംകരപുത്തൻവീട്, കുടയാൽ.
8. അനിൽകുമാർ, ബി.വി.നിവാസ്, പനയാട്.
9. രഘുവരൻനായർ, ലക്ഷ്മിനിവാസ്, അരുവിയോട്, കുന്നത്തുകാൽ

10. സുനിൽകുമാർ, ഭാസ്കരവിലാസം, വേങ്കോട്

11. രാജ്കുമാർ.പി.എസ്, റോഡരികത്തുവീട്, മീതി

12. സീംലാജോൺ, അരുൺനിവാസ്, കാരാളി.

13. സുനിൽകുമാർ.റ്റി, പാലോലിവീട്, ഡാല്യംമുഖം.

14. ജെ.ശശി., എസ്.എസ് നിവാസ്, നെല്ലിമൂട്.

15. രാജേഷ്ഖന്ന, കൃഷ്ണവിലാസം, പാലിയോട്

16. പ്രദീപ്.ഡി, പാറത്തലമേലേപുത്തൻവീട്, മഞ്ഞവിളാകം

17. ബിനിൽകുമാർ.ജി, കല്ലുവിള കടയാറപുത്തൻവീട്, കുളത്തൂർ

18. മധു.കെ, പങ്കജ്ഹൗസ്, കാരക്കോണം

19. ശശിധരൻനായർ.ജെ, സരസ്വതിഭവൻ, ആർ.സി.സ്ട്രീറ്റ്, നെയ്യാറ്റിൻകര.

20. ജിജിൻകുമാർ, കുഴിവിളപുത്തൻവീട്, അവണാകുഴി, നെല്ലിമൂട്.

21. വിനോദ്.എസ്.ഒ, ഓമനമന്ദിരം, കുടപ്പനമൂട്.

22. മനോഹരൻ, ഭഗവതിഭവൻ, അരുവിയോട്, കുന്നത്തുകാൽ.

23. കൃഷ്ണൻകുട്ടി, പൊറ്റയിൽവീട്, മൈലച്ചൽ.

24. പ്രശാന്ത്.ജെ, കുളത്തിൻകരവീട്, തൃപ്പവൂർ, മഞ്ഞവിളാകം

25. വിനീത്.കെ.ആർ, പ്ലാവിളപുത്തൻവീട്, നെല്ലിമൂട്.

26. സുരേഷ് കുമാർ, രാമനിലയം, കുറ്റിയാണിക്കാട്, കീഴാറൂർ.

27. ധനീഷ്.ജെ, പൂനാംകുഴിക്കോണം, മലയിൻകാവ്, ചെറിയകകൊല്ല.

28. പ്രവീൺകുമാർ, ഗായത്രിനിവാസ്, വേങ്കോട്.

29. സുന്ദരേശൻ.കെ, സുഭാഷ് ഭവൻ, പെരുങ്കടവിള

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-11 കാട്ടുകുളം മത്സ്യകൃഷി-ലേലതുക ഈടാക്കിയിട്ടില്ല.

വെള്ളറട ഗ്രാമപഞ്ചായത്തിലെ കിളിയൂർ കാട്ടുകുളം മത്സ്യകൃഷി ചെയ്യുന്നതിനായി ലേലം കൊണ്ട ശ്രീ.ജോയി, ജോയിഭവൻ, ഏറെപുന്നയ്ക്കാട് എന്ന വ്യക്തി ലേല തുകയായ 4,000/-രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ:35ന് ലഭ്യമായ മറുപടിയിൽ തുക അടിയന്തിരമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-12 പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷകളിൽ ഉൾപ്പെടുത്തുന്നില്ല

ജി.ഒ(ആർ.ടി)795/2007/ത.സ്വ.ഭ.വ തീയതി 16.03.2007-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.

ആന്റ് ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം പ്ലാസ്റ്റിക്ക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ നിരോധിച്ചുക്കൊണ്ടുള്ള മലിനീകരണ നിയന്ത്രണബോർഡ വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടേക്കിംഗ് നൽകണം. എന്നാൽ 2017-18-ൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/30.11.18-ന് ലഭ്യമായ മറുപടിയിൽ ഈ വർഷം മുതൽ പ്ലാസ്റ്റിക്ക് നിരോധനസാക്ഷ്യപത്രം എല്ലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ഭരണതലത്തിൽ ശ്രദ്ധ നൽകേണ്ടതാണ്.

## **2-13** <u>ഇ-ടെണ്ടർ തുക തിരികെ ലഭിച്ചിട്ടില്ല</u>

2016-17, 2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫാറംവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതി വിവരം | അടങ്കൽ തുക | ടെണ്ടർ ഫാറ വില | സാമ്പത്തിക വർഷം |
|---|---|---|---|---|---|
| 1 | 222 | കുതാളി എൽ.പി.സ്കൂളിന് ക്ളാസ്റൂമും ആഡിറ്റോറിയവും നിർമ്മാണം | 2629823 | 7875 | 16-17 |
| 2 | 221 | ഡാല്യംമുഖം എൽ.പി.സ്കൂളിന് ക്ളാസ്റൂം നിർമ്മാണം. | 1533409 | 10500 | 16-17 |
| 3 | 207 | എം.കെ.നഗർ പമ്പ്ഹൗസ് റോഡ് റീടാറിംഗ് | 800000 | 3780 | 17-18 |
| 4 | 302 | തയ്ക്കാവിള റോഡ് മെറ്റലിംഗ് & ടാറിംഗ് | 550000 | 2600 | 17-18 |
| 5 | 244 | മാടാമൂഴിമാരണംകുന്ന് റോഡ് കോൺക്രീറ്റിംഗ് | 800000 | 5670 | 17-18 |
| 6 | 208 | കാണിയ്ക്ക ജംഗ്ഷൻ കൈലാത്തുകോണം റോഡ് റീടാറിംഗ് | 910000 | 13440 | 17-18 |
| 8 | 306 | കല്ലുമല കുന്നംപുറം റോഡ് റീടാറിംഗ് | 1396000 | 11800 | 17-18 |

55,665/രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-14** <u>കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർഫണ്ട്-കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. **4,350/**രൂപയുടെ നഷ്ടം</u>

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ

വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 4,34,975/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് 4,350/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രോജക്ടുകളുടെ യഥാർത്ഥ ചെലവും ചെലവുപത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല

സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവുതുകയും പ്രോജക്ടുകളുടെ യഥാർത്ഥചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| പ്രോജക്ട് നം/പേര് | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് (പ്രോജക്ട് ഫയൽ പ്രകാരം) | ചെലവ് (ചെലവുപത്രിക പ്രകാരം ) |
|---|---|---|---|---|
| SO 25/18 സ്കൂൾ കുട്ടികൾക്ക് യോഗ പരിശീലനം | എച്ച്.എം ഗവ.യു.പി.എസ്. വെള്ളറട | 64,000/- (തനത് ഫണ്ട്) | 43,313/- (ചെക്ക് നം. 8077329) | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/29.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കി കണക്കുകളിലെ കൃത്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

### 3-2 ഇ.എം.എസ് ഭവന വായ്പാപദ്ധതി - ബാദ്ധ്യതാരഹിത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇ.എം.എസ്. ഭവനപദ്ധതിയ്ക്കായി പനച്ചമൂട് സർവീസ് സഹകരണ ബാങ്ക്, കരിക്കാമൻതോട് സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും 1,94,34,000/- രൂപ വായ്പയെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം പ്രസ്തുത വായ്പകളുടെ മുതലിനത്തിൽ അടവാക്കാനവശേഷിച്ചിരുന്ന 46,51,200/- രൂപ (1943400+ 2707800) 2017-18 വർഷം രണ്ട് പ്രോജക്ടുകൾ പ്രകാരം അടവാക്കിയിട്ടുണ്ട്. (ബിൽ നം 2/27.06.17(പ്രോജക്ട് നം 141/18), 44/26.03.18 (പ്രോജക്ട് നം 369/18). വായ്പകളുടെ പലിശയിനത്തിൽ അടവാക്കാനവശേഷിച്ചിരുന്ന തുക മുഴുവനും അടവാക്കിയതായും വായ്പയിനത്തിൽ തുകയൊന്നും അടവാക്കാനില്ലെന്നും വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധയ്ക്ക് ലഭ്യമല്ല.

പനച്ചമൂട് സർവീസ് സഹകരണ ബാങ്ക്, കരിക്കാമൻതോട് സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നുള്ള ബാദ്ധ്യതാരഹിത സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. മുതലിനത്തിലുള്ള മുഴുവൻ തുകയും17-18 വർഷം അടവാക്കിയതായും പലിശയിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും യാതൊരു തുകയും അടവാക്കിയിട്ടില്ലായെന്നും,

ബാധ്യതാരഹിത സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം8/23.11.18) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 3-3 നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുക സംബന്ധിച്ച അപാകതകൾ

2017-18 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് തുക നല്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം/ കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക | ബിൽ നം-തീയതി | തുക നൽകിയത് |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 8/18 | തെരുവുവിളക്ക് ലൈൻ നീട്ടൽ അടങ്കൽ 1,17,725/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | 1,17,725/- | 34/21.02.18 | കെ.എസ്.ഇ.ബി |
| 2 | സെക്രട്ടറി | 251/18` | തെരുവുവിളക്ക് ലൈൻ നീട്ടൽ അടങ്കൽ -25,00,000/- (സി.എഫ്.സി) | 21,33,917/- | 26/6.11.18 | കെ.എസ്.ഇ.ബി |
| 3 | സെക്രട്ടറി | 11/18 | വൈദ്യുത പോസ്റ്റ് മാറ്റൽ അടങ്കൽ - 1,84,601/- (തനത് ഫണ്ട്) | 1,83,050/- | Rs.77,963/- (8077331/8.8.17) Rs.9,463/- (8077259/...) Rs.95,624/- (9902983- ...) | കെ.എസ്.ഇ.ബി |
| 4 | സെക്രട്ടറി | 15/18 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ അടങ്കൽ -5 ലക്ഷം (തനത് ഫണ്ട്) | 3,67,000/- | 10,52,000/- 8077332/08.08.17 | കേരള വാട്ടർ അതോറിറ്റി ,നെയ്യാറ്റിൻകര |
| 5 | സെക്രട്ടറി | 14/18 | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൊതുടാപ്പ് സ്ഥാപിക്കൽ അടങ്കൽ -7 ലക്ഷം (തനത് ഫണ്ട്) | 6,85,000/- | 10,52,000/- 8077332/08.08.17 | കേരള വാട്ടർ അതോറിറ്റി ,നെയ്യാറ്റിൻകര |
| | ആകെ | | | 34,86,692/- | | |

രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-4 പഞ്ചായത്ത് ഓഫീസിൽ യു.പി.എസ് സംവിധാനം ഏർപ്പെടുത്തൽ– ചെലവു രേഖകൾ ഹാജരാക്കിയില്ല – 1,82,438/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 161/18
അടങ്കൽ - 2,00,000/- ( വിക.ഫണ്ട് പൊതുവിഭാഗം - 40,000/-
തനത് ഫണ്ട് - 1,60,000/-
ചെലവ്- 1,82,438/- (40000- ബിൽ നം.35/21.02.18, 142438- തനത് ഫണ്ട്)
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പഞ്ചായത്ത് ഓഫീസിൽ യു.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ എന്ന പ്രോജക്ടിനായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പവർ സി.എം.എസ്. ടെക്നോളജിയുടെ ടെണ്ടർ 11.12.17-ലെ ജനറൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാധനം സപ്ലൈ ചെയ്യാത്തതിനാൽ രണ്ടാമതായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Emcube Technologies ന്റെ ടെണ്ടർ 29.12.17 ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 10.01.18 ൽ Emcube Technologies ന് സപ്ലൈ ഓർഡർ നൽകുകയും 11.01.18 ൽ സ്ഥാപനവുമായി കരാർ വയ്ക്കുകയും ചെയ്തിരിക്കുന്നു. ചെലവു പത്രിക പ്രകാരം പ്രോജക്ടിന് 1,82,438/- രൂപയുടെ ചെലവുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ചെലവുരേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന് യു.പി.എസ്. ലഭ്യമായതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, Emcube Technologies ന് തുക നല്കിയതിന്റെ രേഖകൾ, കാഷ് ബിൽ, പർച്ചേയ്സുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം (നം 18/28.11.18) മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ 1,82,438/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളെ സംബന്ധിച്ച വ്യക്തമായ വിവരം നൽകുന്ന രജിസ്റ്റർ/രേഖകൾ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വൈദ്യുതിബോർഡ് പ്രതിമാസം ലഭ്യമാക്കുന്ന വൈദ്യുതിബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് അടവാക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുവാൻ വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്ന 30.11.18-ലെ 27/18നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സംയുക്ത പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തിയും എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സംവിധാനം ഏർപ്പെടുത്തിയും ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം വൈദ്യുതി ചാർജ് ഒടുക്കി നിലവിൽ പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 3-6 ഡി.പി.സി അംഗീകാരം ലഭ്യമാകാത്ത പ്രോജക്ടിനായി തുക ചെലവഴിച്ചു, പ്രോജക്ട് ഉപേക്ഷിച്ചു-ചെലവു പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

വി.ഇ.ഒ യുടെ ബിൽ ബുക്ക് പ്രകാരം (ബിൽ നം.1/18 തിയതി 23.02.2018)പ്രോജക്ട് നം 145/18 (മേൽക്കൂരമാറ്റൽ (പട്ടികജാതി വിഭാഗം)) എന്ന പ്രോജക്ടിന് 1,25,000/- രൂപയുടെ ചെലവുണ്ട്. എന്നാൽ ചെലവുപത്രികയിൽ മേൽ പ്രോജക്ടോ ചെലവുവിവരങ്ങളോ ഉൾപ്പെട്ടിട്ടില്ല. 2017-18 വർഷം പ്രോജക്ടിന് ഡി.പി.സി അംഗീകാരം ലഭ്യമായിട്ടില്ല. (അംഗീകാരം നം. PLG 500/17-18/DPC/DPO//tvm തിയതി 26.03.2018). പ്രോജക്ട് രൂപീകരണ ഫോറം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
വിശദീകരണം ആവശ്യപ്പെട്ട് വി.ഇ.ഒ. യ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിലൂടെ (നം 22/29.11.2018) ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെചേർക്കുന്നു.

1. പ്രോജക്ട് നം 145/18 ന് ബിൽ നം 1/23.02.2018 പ്രകാരം പിൻവലിച്ച 1,25,000/- രൂപ 3 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രഷറി മുഖേന കൈമാറിയിട്ടുണ്ട്.

2. വി.ഇ.ഒ യുടെ രേഖാമൂലമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ 16.02.2018 ലെ 13(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതി 145/18 (മേൽക്കൂരമാറ്റൽ (പട്ടികജാതി വിഭാഗം) എന്ന പ്രോജക്ടിനെ വാസയോഗ്യമല്ലാത്ത വീടുകളെ വാസയോഗ്യമായ വീടാക്കി മാറ്റൽ എന്ന പ്രോജക്ട് ആയി റിവിഷൻ നടത്താൻ തീരുമാനിച്ചു.
3. എന്നാൽ സെക്രട്ടറി പ്രോജക്ട് റിവിഷൻ ചെയ്യുന്നതിന് പകരം പ്രോജ്ക്ട് ഉപേക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്.

ജി.ഒ (എം.എസ്) 72/18 തിയതി 29.03.2017 പ്രകാരം പദ്ധതിരേഖയ്ക്ക് ഡി.പി.സി അംഗീകാരവും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ നിർവഹണ അനുമതിയും ലഭിച്ചുകഴിഞ്ഞാൽ ഭരണസമിതി യോഗം ചേർന്ന് സാമ്പത്തിക അനുമതി നൽകുന്ന പ്രമേയം പാസാക്കി പ്രോജക്ടുകൾ നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്. പദ്ധതി രൂപീകരണ ഫോറം ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചില്ല. ഡി.പി.സി അംഗീകാരം ലഭ്യമാകുന്നതിന് മുൻപുതന്നെ നിർവഹണം ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത പ്രോജക്ടിന് 1,25,000/- രൂപ ചെലവഴിച്ചതും ചെലവുപത്രികയിൽ പ്രോജക്ടോ, ചെലവു വിവരങ്ങളോ ലഭ്യമല്ലാത്തതും ഗുരുതരമായ ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ വി.ഇ.ഒ. യുടെ ബിൽ ബുക്ക് പ്രകാരം (1/23.02.2018)പിൻവലിച്ചിരിക്കുന്ന 1,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ സാഹചര്യത്തിൽ പ്രോജക്ട് അംഗീകാരം, ഉപേക്ഷിച്ച പ്രോജക്ടിന് സുലേഖയിൽ ചെലവു രേഖപ്പെടുത്തൽ, മറ്റ് ക്രമക്കേടുകൾ എന്നിവ പരിശോധിച്ച് വ്യക്തത വരുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെയും, സാങ്കേതിക വിദഗ്ധരുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 തൊഴിലുറപ്പ് പദ്ധതി- ഓഡിറ്റ് നിരീക്ഷണങ്ങൾ

2017- 18 സാമ്പത്തിക വർഷത്തിൽ 6506 തൊഴിലാളികൾക്കായി 458925 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 907 തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി . പ്രവൃത്തിഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാതെയാണ് എല്ലാപ്രവൃത്തികളുടേയും ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കിയിരിക്കുന്നത്.
2. ഐ.എ.വൈ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തിഫയലുകളിൽ ഫോട്ടോകൾ സൂക്ഷിക്കാത്തതിനാൽ തൊഴിലാളികളുടെ പങ്കാളിത്തം, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെ വിശദാംശം എന്നിവ ലഭ്യമാകുന്നില്ല.
3. സൈറ്റ് ഡയറിയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് സൈറ്റ് ഡയറി പര്യാപ്തമല്ല.
4. വിജിലൻസ് ആന്റ് മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

ന്യൂനതകൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ആസ്തി രജിസ്റ്റർ കാലികമല്ല.

പഞ്ചായത്തിന്റ അധീനതയിലുള്ള വസ്തുവകകൾ ആസ്തിയിലുൾപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 255/2013

ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി.6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആസ്തികൾ പൂർണ്ണമായി സചിത്രയിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ താഴെ പറയുന്നു.

.ആസ്തികൾ സചിത്ര സോഫ്റ്റ്‌വെയർ മുഖേന ആസ്തി രജിസ്റ്ററിൽ update ചെയ്ത് സൂക്ഷിക്കാത്തത് പദ്ധതി ആവിഷ്കരണ സമയത്ത് സമഗ്ര അവലോകനം നടത്തുന്നതിനെ ബാധിക്കുന്നു.

- പഞ്ചായത്തിൽ പ്രാവർത്തികമാക്കിയിട്ടുള്ള ജിയോ ഇൻഫർമേഷൻ മാപ്പിങ്ങ് സിസ്റ്റം ആസ്തി വിവരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടെങ്കിലും സചിത്രയുമായി സംയോജിപ്പിച്ചിട്ടില്ല.
- പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ കണക്റ്റിവിറ്റി മാപ്പ് സജ്ജമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയത് സജ്ജമാക്കി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ അടിയന്തിരമായി കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കുവാൻ നിർദ്ദേശിക്കുന്നു.
  എല്ലാ നിർമ്മാണ പ്രവർത്തികളുംആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. 368/17 -ഉടയ്ക്കോട് കുളം.ബി.എഡ്.കോളേജ് റോഡ് നിർമ്മാണം
2. 367/17-18-പാക്കോട് കാഞ്ഞിരംകോണം റോഡ് മെയിന്റനൻസ്
3. 366/17-18- വെള്ളാർ റോഡ് നിർമ്മാണം.
4. 365/17-18ചായം പൊറ്റ കുരിശ്ശടി നട ഓട നിർമ്മാണം.
5. 363/17-18 -കിളിയൂർ കുരിശ്ശടി നടപ്പാത സംരക്ഷണം ഭിത്തി.

## 3-9 <u>ചെയ്യാത്ത ഇനത്തിനു നല്കിയ തുക അനുവദനീയമല്ല-7,004/- രൂപ നിരാകരിക്കുന്നു.</u>

പ്രോജക്ട് നം -83/17-18

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ.

ഗ്രാമപഞ്ചായത്തിലെ അപ്പക്കോണം കുതാളി മിനി വാട്ടർ സ്കീമിന്റെ സ്ഥലപരിശോധനയിൽ M.book പ്രകാരമുള്ള 15-ാം നമ്പർ ഇനമായ wall painting with acrylic paint (ബിൽനം.53/17-18 /26-09-2017 ബിൽതുക 282101/)എന്ന ഇനം ചെയ്തിട്ടില്ലായെന്നു സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. (എൻക്വയറി നം.30/29.11.2018). ആയതിനാൽ ഈ ഇനത്തിനുവേണ്ടി ചെലവഴിച്ച 7,004/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 <u>നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗരേഖ നിർദേശം പാലിക്കുന്നില്ല.</u>

*i) <u>മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കിയിട്ടില്ല.</u>*

2017-18 വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ്.72/17/തസ്വഭവ/29.03.2017-ലെ 13.6 പ്രകാരം മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത്ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡിതര-റോഡ് ആസ്തികളുടെ സംരക്ഷണത്തിനോ അവയുടെ ഉപയോഗം വർധിപ്പിക്കുന്നതിനോ നൽകുന്ന സേവനം

മെച്ചപ്പെടുത്തുന്നതിനോ പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന നിർദേശം പാലിച്ചിട്ടില്ല.

*ii) <u>എസ്.സി.പി നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല</u>*

2017-18 വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ്.72/17/തസ്വഭവ/29.03.2017-ലെ 13(15,16) പ്രകാരം എസ്.സി.പി പ്രോജക്റ്റുകളുടെ നിർവഹണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മറ്റി രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എസ്.സി വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമാണ് ഈ കമ്മറ്റിയിലെ അംഗങ്ങൾ. ഈ കമ്മറ്റി മാസം തോറും യോഗം ചേർന്ന് പദ്ധതി നിർവഹണവും ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തുകയും പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് തദ്ദേശഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത് ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കുവാനും നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദേശം പാലിച്ചിട്ടില്ല.

*iii) <u>റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.</u>*

ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. പ്രസ്തുത നിർദ്ദേശവും പാലിച്ചിട്ടില്ല. സർക്കാരിന്റെ നിർദ്ദേശം പാലിക്കാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

iv) 16.01.2010-ലെ സ.ഉ (സാധാ) 165/2010/തസ്വഭവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സംരക്ഷണയിലുള്ള റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡ്, കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ ഇവ സ്ഥാപിച്ചിട്ടില്ല.

## 3-11 <u>പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ വിതരണം രേഖകൾ ഹാജരാക്കിയില്ല- 50,000/- രൂപ തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട് നമ്പർ 22/18

അടങ്കൽ 4,50,000/- (വി.ഫ. (എസ്.സി.പി))

ചെലവ് – 2,00,000/- ( ബിൽ നമ്പർ 5/17-18 തി.26.09.17)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്പിൽഓവർ പ്രോജക്ട് പ്രകാരം 4 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി ഗുണഭോക്താവ് ഒരാൾക്ക് 50,000/- രൂപ വീതം ആകെ 2,00,000/- രൂപ സബ്സിഡി തുക യൂണിയൻ ബാങ്ക്, വെള്ളറട ശാഖയിൽ നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ.കിഷോർ.എസ്, വടക്കുംകരവീട്, എലിവാലംകോണം എന്ന ഗുണഭോക്താവിന് ബാങ്ക് ലോൺ അനുവദിച്ചതിന്റെയോ, ഓട്ടോറിക്ഷ വാങ്ങിയതിന്റെയോ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് രേഖകൾ ലഭ്യമാക്കാമെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നതിലേക്കായി ചെലവ് തുക 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 <u>വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ</u>

വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിൽ അപേക്ഷയോടൊപ്പം ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെട്ടു കാണുന്നില്ല.

1.<u>കരാർ ചമച്ചിട്ടില്ല</u>

മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ പദ്ധതിയിൽ കരാറിലേർപ്പെട്ടശേഷം 50%തുക മുൻകൂറായി നൽകാവുന്നതാണ്. എന്നാൽ ഭവനപുനരുദ്ധാരണം-മേൽക്കൂര മാറ്റൽ (ജനറൽ), വൃദ്ധർക്ക്

ഭവനപുനരുദ്ധാരണം-മേൽക്കൂരമാറ്റൽ എന്നീ പദ്ധതികളിൽ പല അപേക്ഷകളിലും കരാർ ചമയ്ക്കാതെ തുക മുൻകൂറായി നൽകിയിട്ടുണ്ട്.

ഉദാ:1.രഞ്ജിനി,ശാന്തിനിവാസ്,പുതുമന

2.സുമംഗല,പോങ്ങുവിളവീട്

2.എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

ടി.പ്രോജക്ടുകളിൽ ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എൽ.എസ്.ജി.ഡി എൻജിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ പല അപേക്ഷകളിലും എസ്റ്റിമേറ്റ് ഉൾപ്പെട്ടിട്ടില്ല.

ഉദാ:1.ബേബിശാന്ത, തടിവിഴുന്നകരിയ്ക്കകം, കിളിയൂർ.

2. ജ്ഞാനദീപം, ആറ്റുകാൽവീട്, കോവില്ലൂർ

3.വരുമാനം അറിയുന്നതിന് സാക്ഷ്യപത്രമില്ല.

പദ്ധതികളിൽ ഗുണഭോക്താവിൻറെ വരുമാനപരിധി ഒരുലക്ഷം രൂപയാണ്. വരുമാനം സംബന്ധിച്ച രേഖകളില്ലാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

ഭാവിയിൽ അപേക്ഷയോടൊപ്പം ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-13 അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(1)സ്വന്തമായി കെട്ടിടം ഇല്ലാത്തവ-2

(2)സ്വന്തമായി കെട്ടിടം ഇല്ലാത്തതും സൗജന്യമായി പ്രവർത്തിക്കുന്നതും-1

(3)കുടിവെള്ളം ഇല്ലാത്തവ-13

(4)വൈദ്യുതി ഇല്ലാത്തവ-4

(5)ചുറ്റുമതിൽ ഇല്ലാത്തവ-2

അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ പഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

## 3-14 അങ്കണവാടികളിൽ പോഷകാഹാരം - ഗുണനിലവാരം ഉറപ്പുവരുത്തണം

ജി.ഒ(എം.എസ്)4/2016ത.സ്വ.ഭ.വ തീയതി11.01.2016 പ്രകാരം അങ്കണവാടികളിൽ നിന്ന് പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിയ്ക്ക് പുറമെ ഗ്രാമസഭ അംഗങ്ങളിൽ നിന്നും പൊതുസമ്മതരായ അഞ്ച്പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ ഒരു തവണയെങ്കിലും വാർഡുകളിലെ അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.20-ന് 5 പേരടങ്ങുന്ന നിരീക്ഷണകമ്മിറ്റി രൂപീകരിക്കരിച്ചിട്ടില്ലായെന്നും ഉത്തരവ്

പ്രകാരം കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്താമെന്നും മറുപടി നൽകി. മേൽ ഉത്തരവ് പ്രകാരം നിരീക്ഷണകമ്മിറ്റി രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 3-15 ജാഗ്രതാസമിതി-പ്രവർത്തനം കാര്യക്ഷമമല്ല

സ്ത്രീകളുടെയും കുട്ടികളുടെയും ജീവിത സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയിർത്തിപ്പിടിക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനുവേണ്ടി സ്ത്രീപക്ഷ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുന്ന സംവിധാനമാണ് ജാഗ്രതാസമിതി. (ജി.ഒ(എം.എസ്)39/2004/എസ്.ഡബ്ല്യ.ഡി. തീയതി 28.05.2004)എന്നാൽ ഗ്രാമപഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. 2017-18 കാലയളവിൽ പഞ്ചായത്ത് തലത്തിൽ ജാഗ്രതാസമിതിയുടെ യോഗം ഒരു തവണ മാത്രമെ കൂടിയിട്ടുള്ളൂ. 5 വാർഡുകളിലെ ജാഗ്രതാസമിതി മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും 2017-18 കാലയളവിൽ ജാഗ്രതാസമിതി യോഗം കൂടിയിട്ടില്ല. എന്നാൽ ഒരു സെമിനാർ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഒരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി യാതൊരറിയിപ്പും പഞ്ചായത്ത് പരിസരത്ത് പ്രദർശിപ്പിച്ചിട്ടില്ല. സ.ഉ(എം.എസ്)31/2007(ജാഗ്രതാസമിതിമാർഗരേഖ) പ്രകാരം ജാഗ്രതാസമിതി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിക്കേണ്ടതാണ്. വാർഡ്-പഞ്ചായത്ത്തല ജാഗ്രതാസമിതികളുടെ യോഗങ്ങൾ എല്ലാ മാസവും വിളിച്ച് കൂട്ടേണ്ടതും വരും വർഷങ്ങളിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതുമാണ്.

## 3-16 രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 18/18(ഭവനപുനരുദ്ധാരണം (പട്ടികജാതി വിഭാഗം))(സ്പിൽഓവർ)

ചെലവ് - 2,00,000/- (വികസനഫണ്ട് (എസ്.സി.പി)

(ബിൽ നം.1/17-18 തീയതി.02.08.17)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- 29,79,805/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾക്ക് നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം /പേര് | നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ്/ബിൽ നം/തീയതി | തുക നൽകിയത് |
|---|---|---|---|---|
| 166/18<br>ജലശ്രീ-ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | സെക്രട്ടറി | 1,00,000/- (വികസനഫണ്ട് -പൊതുവിഭാഗം ) | 1,00,000/-<br>(22-20.10.17) | ജില്ലാ പഞ്ചായത്ത് 799011400000989/Dist Treasury TVM |

| | | | | |
|---|---|---|---|---|
| 3/18<br>ഐ.കെ.എം. വിഹിതം അടവാക്കൽ | | 1,41,305/-<br>(വികസനഫണ്ട് -പൊതുവിഭാഗം) | 1,41,305/-<br>(8-11.07.17) | മാനേജിംഗ് ഡയറക്ടർ ഐ.കെ.എം /SBT 57047023512 |
| 4/18പി.എം.എ.വൈ വിഹിതം അടവാക്കൽ | | 12,50,000/-<br>(വികസനഫണ്ട് -പൊതുവിഭാഗം ) | 12,50,000/-<br>(12-02.08.17) | ബ്ലോക്ക് പഞ്ചായത്ത് പെരുങ്കടവിള<br>ഐ.ഒ.ബി 07421000008545 |
| 233/18<br>പി.എം.എ. വൈ (പട്ടിക ജാതി) അടവാക്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 10,37,000/-<br>(വികസനഫണ്ട് -എസ്.സി.പ) | 10,37,000/-<br>(ബിൽ നം. 3/17 തീയതി. 14.08.17) | ബ്ലോക്ക് പഞ്ചായത്ത് പെരുങ്കടവിള |
| 236/18<br>പി.എം.എ.വൈ (പട്ടിക വർഗ്ഗം) അടവാക്കൽ | | 89,000/-<br>(വികസനഫണ്ട്- ടി.എസ്.പി) | 89,000/-<br>(ബിൽ നം. 4/17 തീയതി. 14.08.17) | ബ്ലോക്ക് പഞ്ചായത്ത് പെരുങ്കടവിള |
| 241/18<br>(കന്നുക്കുട്ടി പരിപാലനം) | വെറ്ററിനറി സർജൻ | 3,62,500/-<br>(വികസനഫണ്ട് -പൊതുവിഭാഗം ) | 3,62,500/-<br>(ബിൽ നം. 5/17 തീയതി. 27.01.18) | SLBP |
| ആകെ | | 29,79,805/- | | |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 29,79,805/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 112625 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക്സ്കോളർഷിപ്പ് | 112625 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 800000 | പാലിന് സബ്സിഡി | 800000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1360000 | പി.എം.എ.വൈ.(എസ്.സി.) | 1360000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 122500 | പി.എം.എ.വൈ.(എസ്.റ്റി.) | 122500 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ചിൽഡ്രൻസ് പാർക്ക് | 249516 | 439 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 11265 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക്സ്കോളർഷിപ്പ് | 11265 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | ഇല്ല |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | പദ്ധതി നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ. | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | So15/18 | 367000 | 367000 | |
| കെ.ഡബ്ല്യൂ.എ. | വിവിധ വാർഡുകളിൽപൊതുടാപ്പ് സ്ഥാപിക്കൽ | So14/18 | 685000 | 685000 | |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾക്ക് ലൈൻ നീട്ടൽ | SO 8/18<br>so251/18 | 117725<br>2133917 | 117725<br>2133917 | - |
| | വൈദ്യുതി പോസ്റ്റ് മാറ്റൽ | 11/18 | 183050 | 183050 | |

ഖണ്ഡിക 1-12 കാണുക

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി -മുതൽ തിരിച്ചടവ് | ജി.ഒ (എം. എസ്)207/10/ ത.സ്വ.ഭ.വ തീയതി 27.10.2010 | 19434000 | 4651200 | 4651200 | - | |

ഖണ്ഡിക 3-2 കാണുക

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം/തിയതി |
|---|---|---|---|---|
| 2011-12 | 3(10) | 960 | ശ്രീ.റൈറ്റസ്. | 11704100992/10.05.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,25,44,587/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,53,54,333/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,004/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70,23,935/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | | | |
|---|---|---|---|
| | ചെയ്യാ വുന്നവ | ചെയ്യാ വുന്നവ | |
| 3-9 | | 7,004/- | ശ്രീമതി. സൗമ്യ. ആർ.എസ്. അസി. എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 34,86,692/- | ക്രമ നം. 1. ശ്രീ. ബി.കെ. കൃഷ്ണകുമാർ, സെക്രട്ടറി –1,17,725/-<br>ക്രമ നം. 2 മുതൽ 5 വരെ ശ്രീ. പെരുമാൾ പിള്ള, സെക്രട്ടറി – 33,68,967/- |
| 3-4 | 1,82,438/- | ശ്രീ. ബി. കെ. കൃഷ്ണകുമാർ, സെക്രട്ടറി |
| 3-6 | 1,25,000/- | ശ്രീ.ഷിബു വിൽസൺ, VEO സർക്കിൾ (സി) |
| 3-11 | 50,000/- | ശ്രീ. സുരേഷ് ബാബു, അസി. സെക്രട്ടറി |
| 3-16 | 2,00,000/- | ശ്രീ. സുരേഷ് ബാബു, അസി. സെക്രട്ടറി |
| 3-17 | 29,79,805/- | ശ്രീ. പെരുമാൾ പിള്ള, സെക്രട്ടറി – 14,91,305/-<br>ശ്രീ. സുരേഷ് ബാബു, അസി. സെക്രട്ടറി – 11,26,000/-<br>ഡോ. സിമി. എസ്. ആൻസലാം, വെറ്ററിനറി സർജൻ – 3,62,500/- |
| ആകെ | 70,23,935/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|
| 1 | ശ്രീമതി. സൗമ്യ. ആർ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | സഞ്ജീവനം, ബി.പി. നഗർ, പേയാട്. പി.ഒ. |

| | | |
|---|---|---|
| 2 | ശ്രീ.ഷിബു വിൽസൺ, വി.ഇ.ഒ. | നെല്ലിക്കാല വീട്, ആനാവൂർ |
| 3 | ശ്രീ. ബി.കെ. കൃഷ്ണകുമാർ, സെക്രട്ടറി | സാന്ത്വനം, ഇഞ്ചിവിള, നെടുങ്ങോട്, പാറശ്ശാല |
| 4 | ശ്രീ. പെരുമാൾ പിള്ള, സെക്രട്ടറി | കോവിൽ വിളാകത്തുവീട്, കടവട്ടാരം, നെയ്യാറ്റിൻകര |
| 5. | ശ്രീ. സുരേഷ് ബാബു, അസി. സെക്രട്ടറി | ശൈലജ, ശ്രീകൃഷ്ണപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1203/2001 തീയതി 08.12.2015 | 3 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/304/2006 തീയതി 31.05.2006 | 12 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1183/2008 തീയതി 02.06.2011 | 7 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1184/2009 | 7 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/833/2009 | 7 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1839/2009 | 9 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/523/2010 തീയതി 23.03.2012 | 32 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1914/2013 തീയതി 29.11.2013 | 12 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/341/2013 തീയതി 04.06.2013 | 14 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2409/2013 തീയതി 06.04.2015 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 5 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 15 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/2167/2016 തീയതി 26.12.2016 | 23 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 02/969/2017 തീയതി 11.10.2017 | 23 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ആർ.16.4.19